നം.ഇ.എക്സ്.സിജിഎൽ(1)/39200/19/സി.ജി.ഇ

**പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര,**
**തിരുവനന്തപുരം, തീയതി 28/05/2020**

സെക്രട്ടറി

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ

വിഷയം: പൊ.വി.-പരീക്ഷാഭവൻ- മാർച്ച് 2020 എസ്.എസ്.എൽ.സി. പരീക്ഷ - ജീവനക്കാർക്കുള്ള പ്രതിഫലം നൽകുന്നത് - സംബന്ധിച്ച്

സൂചന: സർക്കാർ ഉത്തരവ് സാധാ.നമ്പർ.1568/2020/പൊ.വി.വ തീയതി 12.05.2020

2020 നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുമായി ബന്ധപ്പെട്ട് ജീവനക്കാർക്കുള്ള പ്രതിഫലം നൽകുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ എല്ലാ ചീഫ് സൂപ്രണ്ടുമാരെയും അറിയിക്കേണ്ടതാണ്.

1) എസ്.എസ്.എൽ.സി/ ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളുടെ ഭാഗമായി പരീക്ഷ ആരംഭിച്ച 2020 മാർച്ച് 10 ന് മുമ്പായി പരീക്ഷാ ജോലികൾക്കായി നിയോഗിക്കപ്പെട്ട അദ്ധ്യാപകർ പരീക്ഷാ കേന്ദ്രത്തിൽ ചീഫ് സൂപ്രണ്ടു മുമ്പാകെ എത്തിച്ചേരുവാൻ നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം എത്തിച്ചേരുന്ന ദിവസം കൂടി ഉൾപ്പെടുത്തി ആകെ 10 ദിവസത്തെ പ്രതിഫലവും, ഡ്യൂട്ടി സർട്ടിഫിക്കറ്റും അദ്ധ്യാപകർക്ക് നൽകാവുന്നതാണ്. ഡ്യൂട്ടി ചെയ്ത ദിവസങ്ങൾ മാത്രമേ പ്രതിഫലം നൽകുവാനായി പരിഗണിക്കുവാൻ പാടുള്ളൂ. എന്നാൽ അനദ്ധ്യാപക ജീവനക്കാർക്ക് 9 ദിവസത്തെ പ്രതിഫലം മാത്രമേ അനുവദനീയമായുള്ളൂ.

2) പ്രതിഫലം കഴിഞ്ഞ വർഷം നൽകിയ അതേ നിരക്കിൽ ആയിരിക്കണം നൽകേണ്ടത്.

3) 26.05.2020 മുതൽ പുനരാരംഭിച്ച പരീക്ഷകൾ സുഗമമായി നടത്തുന്നതിന് പരീക്ഷാ കേന്ദ്രങ്ങളിൽ ക്ലീനിംഗ് ജോലികൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് ഒരു ദിവസം 660/- രൂപ (പരമാവധി 4 ദിവസം) എന്ന നിരക്കിൽ പ്രതിഫലം നൽകാവുന്നതാണ്. രണ്ടിൽ കൂടുതൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ആഫീസറുടെ അനുമതിയോടുകൂടി മാത്രമേ ഇവർക്ക് പ്രതിഫലം നൽകാൻ പാടുള്ളൂ.

വിശ്വസ്തതയോടെ

**സെക്രട്ടറി**

**പകർപ്പ്:**

എല്ലാ ചീഫ് സൂപ്രണ്ടുമാർക്കും
(ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)